**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4920** **11-08-2021 - ൽ മറുപടിയ്ക്ക്**

**കാൻസർ രോഗചികിത്സാ സൗകര്യം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലവിലുള്ള കാൻസർ രോഗചികിത്സാ സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ജില്ലാ കാൻസർ കെയർ പദ്ധതി പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിലും ഒറ്റപ്പാലം താലൂക്കാശുപത്രിയിലുമാണ് കാൻസർ ചികിത്സ നൽകി വരുന്നത്. ഇതിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ കാൻസർ രോഗ ചികിത്സാ വിഭാഗത്തിൽ രണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ജോലി ചെയ്തു വരുന്നു. ഇവിടെ ആഴ്ചയിൽ രണ്ട് ദിവസം പ്രവർത്തിക്കുന്ന കാൻസർ ഒ.പി വിഭാഗവും 10 കിടക്കകളുള്ള ഐ.പി വിഭാഗവും നിലവിലുണ്ട്. കീമോ തെറാപ്പിക്കായി 10 കിടക്കകൾ ഉണ്ട്. പ്രതിമാസം 400 മുതൽ 500 രോഗികൾക്ക് വരെ കീമോ തെറാപ്പി നൽകി വരുന്നുണ്ട്. കീമോ തെറാപ്പിക്കു പുറമെ കാൻസർ അനുബന്ധ ചികിത്സകളും കാൻസർ രോഗ നിർണ്ണയവും ഈ കേന്ദ്രത്തിലൂടെ നടപ്പിലാക്കി വരുന്നു. |
| (ബി) | ഇവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പാലക്കാട് ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സയ്ക്കായി ഒരു പ്രത്യേക ബ്ലോക്ക് സജ്ജീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ